നിയമിച്ച് പുനരന്വേഷിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ തുടങ്ങിയിരിക്കുകയാ ആ സ്ഥിതിക്ക് ഇത് ചെയ്യുന്നതിനുള്ള നടപടികൾ എടുക്കാൻ തീരുമാന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം അടയ്ക ഉപയോഗം കൃാൻസർ ഉണ്ടാക്കുന്നതിന് കാരണമാകുന്ന ഒരു ഉല്പന്നമാണെന്നാ തൃശ്ശൂർ ജില്ലയിൽ അടുത്തകാലത്ത് കരുകുകൃഷിക്കാരുമായി സംസാരിച്ചപ്പോ മനസ്സിലാക്കിയത് റീ-പ്ലാന്റിംഗിന് നടപടികൾ എടുക്കുന്നതിൽ താല്പര്യമില്ലെന്നാ എന്നാലും ഗവൺമെന്റ് ഇപ്പോൾ റീ-പ്ലാന്റിംഗ് തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത മുഴുവൻ മഞ്ഞളിപ്പ് രോഗ ബാധിതമായിട്ടുള്ള കരുകുകളും വെട്ടി മാറ്റി രോഗപ്രതിര ധശക്തിയുള്ള പുതിയ ഇനം കരുകിൻതൈകൾ നട്ടു വളർത്തുന്നതിനാവശ്യമായ കേന്ദ്ര പ്രോജക്റ്റ് സഹായത്തിന് സമർപ്പിക്കാൻ ഉണ്ടാക്കുന്നുണ്ട്. ഈ പ്രോജ കേന്ദ്രത്തിന് അയച്ച് സഹായം അഭ്യർത്ഥിക്കുന്നതാണ്.

(4) ചീക്കോട് ജലവിതരണ പദ്ധതി

ശ്രീ. ഇസ്ഹാക് കുരിക്കൾ: കേരളത്തിലെ ഏറ്റവും വിസ്തീർണ്ണമുള്ള ചീക്കോ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയു ശ്രദ്ധ ക്ഷണിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ജലനിധി പദ്ധതിയുടെ പേര് കേരളത്തിൽ ഉടനീളം ജനങ്ങൾക്ക് വെള്ളം കൊടുക്കുന്ന വലിയ ഗുണം ചെയ്യുന്ന ജലസേചന വകുപ്പ് മന്ത്രിയാണ്. ഈ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയു ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. 1996-ൽ എ.എസ്. ലഭിച്ച 2,500 ലക്ഷം രൂപ്പിക ചെലവഴിച്ച ഈ സ്കീമിൽ ഒരു കിണറിന്റെ പണ പൂർത്തീകരിക്കാത്തതുകൊണ്ട് ആ പഞ്ചായത്തിൽ വെള്ളം കൊടുക്കുവൻ കഴിഞ്ഞിട്ട ചില പഞ്ചായത്തുകൾ ഈ സ്കീമിൽ നിന്ന് മാറി വേറെ സ്കീമിലേക്ക് പോയതിന ഫലമായി ഇന്ന് അതിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ചാലിയാറിന തീരത്താണ് ചീക്കോട് പഞ്ചായത്ത്. ഇംഗ്ലീഷിൽ ഒരു പഴമൊഴിയുണ്ട്. Water, wa every where, not a drop to drink ഇതാണ് ഇന്ന് ചീക്കോട് പഞ്ചായത്തിലെ സ്ഥിത വെള്ളം വെള്ളം സർവ്വത്ര വെള്ളം തുള്ളി കുടിപ്പാനില്ലത്രെ. ജലനിധി നടത്തിക്കൊ അഭിമാനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് വെള എത്തിക്കാമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. കേരളത്തിലെ ഏറ്റവും വലി പഞ്ചായത്തായ ചീക്കോടിനോട് എന്താണ് അവഗണനയ്ക്ക് കാരണം എന്ന് അറിയി കിണറിന്റെ പണി പൂർത്തിയാക്കിയാൽ വെള്ളം കൊടുക്കാൻ കഴിയുമെ ഉദ്യോഗസ്ഥൻമാർ എന്നോട് പറഞ്ഞു. പമ്പ് ഹൗസിന്റെയും ടാങ്കിന്റെയും എല്ല പണികളും പൂർത്തിയായിക്കഴിഞ്ഞു. ഇനി കിണറിന്റെ പണി മാത്രമ പൂർത്തിയാക്കാനുള്ളൂ. ഇത് എത്രയും പെട്ടെന്ന് പൂർത്തിയാക്കി പാവപ്പെട്ട ജനങ്ങൾക്ക വെള്ളം എത്തിക്കാനുള്ള സത്വര നടപടികൾ നടത്തണമെന്ന് വളരെ താഴ്മയോടുകൂ അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ച രാധാകൃഷ്ണൻ): അങ്ങ് ഉന്നയിച്ച ചീക്കോട് പദ്ധതി വളരെ പ്രാധാന്യം അർഹിക്കു ഒന്നാണ്. ഈ പദ്ധതി വളരെ വിപുലമായ ഒരു പദ്ധതിയാണ്. എൽ.ഐ.സ

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടുകൂടിയ ഏഴ് പദ്ധതികളിൽ ഉൾപ്പെട്ട ചീക്കോട് ശുദ്ധജല വിതരണ പദ്ധതിക്ക് 1996-ൽ ഭരണാനുമതി നൽകിയതാണ്. ചീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ് ചാലിയാർ പുഴയാണ്. പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, flow water pumping main, ശുദ്ധീകരണ ശാല, balancing reservoir ഇതെല്ലാം പൊതുവായ ഘടകങ്ങളാണ്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തത് 1998-ലാണ്. കിണറിന്റെയും പമ്പ് ഹൗസിന്റേയും പ്രവൃത്തിക്ക് ആവശ്യമായ ടെന്റർ 1998-ൽ തന്നെ ക്ഷണിച്ചുവെങ്കിലും കോൺട്രാക്ടർമാരുടെ മതിയായ പ്രാതിനിധ്യമില്ലാതെ വന്നതിനാൽ സർക്കാരിന് റീ-ടെന്റർ ചെയ്യേണ്ടിവന്നു. ടെന്ററിനകത്ത് മതിയായ നമ്പർ ഇല്ലാതെ വന്നതാണ് 1998-ൽ അങ്ങനെ ഒരു തീരുമാനം എടുക്കാൻ കാരണം. കിണറിന്റെ പണി തുടങ്ങാൻ താമസിച്ചതിനാൽ മറ്റു ഘടകങ്ങളുടെ പണിയും ആരംഭിക്കാൻ താമസം ഉണ്ടായി. അങ്ങ് പറഞ്ഞത് വളരെ ഗൗരവമായി എടുക്കും. ആവുന്നത്ര വേഗത്തിൽ അത് ചെയ്യുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കും മറ്റ് ഘടകങ്ങൾ ഇപ്പോഴത്തെ അവസ്ഥയിൽ താഴെ പറയും പ്രകാരമാണ്. Flow water pumping main-ന് 1560 മീറ്റർ നീളത്തിൽ 900 എം.എം. വ്യാസമുള്ള പമ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. 2005 മാർച്ച് മാസത്തിൽ ഇത് പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ശുദ്ധീകരണ ശാലയുടെയും balancing റിസർവോയറിന്റേയും ശേഷി 53 എം.എൽ.ഡി. ആയിരുന്നു. ചില പദ്ധതികൾ കൂടി വന്നപ്പോൾ ഇതിന്റെ സ്ഥാപിത ശേഷി അൽപം കൂടി കുറച്ചാലും കുഴപ്പമില്ലെന്നതിന്റെ അടിസ്ഥാനത്തിൽ 40 എം.എൽ.ഡി.-യായി പുതുക്കുകയുണ്ടായി. പുതിയ എൻ.ഐ.റ്റി. തയ്യാറാക്കി ടെന്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 23.04 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പണി 2003 സെപ്റ്റംബറിൽ തന്നെ പൂർത്തിയായിട്ടുണ്ട്. Clear water pumping main 6667 മീറ്റർ നീളത്തിൽ 400 എം.എം. വ്യാസമുള്ള പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. അതിനുള്ള നടപടിയിലേക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ശുദ്ധീകരണ ശാലയിൽനിന്ന് പുതുക്കാട് സമ്പിലേക്ക് 700 എം.എം. ജി.ഐ. പൈപ്പ് 5161 മീറ്റർ നീളത്തിൽ വേണ്ടതുണ്ട്. ഇതിനാവശ്യമായ പൈപ്പുകൾ ലഭിച്ചിട്ടുണ്ട്. അതിന്റെ പണിയും ഉടൻ തന്നെ ആരംഭിക്കാൻ കഴിയും. കളക്ടിംഗ് സമ്പ് അടക്കം ഉന്നതതല സംഭരണി 1, ഉന്നതതല സംഭരണി 2, ഉന്നതതല സംഭരണി 3, ഉന്നതതല സംഭരണി 4 എന്ന ക്രമത്തിൽ ഇത് കൂടി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിക്ക് നീങ്ങുകയാണ്. കഴിയുന്നത്ര വേഗം തീർക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ സത്യമാണ്. ചാലിയാർ പുഴയുടെ തീരത്ത് മലിന ജലത്തിന്റെ ഓരത്ത് ശുദ്ധജലം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ സാമ്പത്തിക പരിമിതിയാണ് ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം. സാമ്പത്തിക ലഭ്യത അനുസരിച്ച് നിശ്ചയമായും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly